# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ഡോ.പി.പുകഴേന്തി ഐ.എഫ്.എസ്)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - വകുപ്പിലെ ഐ.ടി. ഡിവിഷനിൽ പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

പരാമർശം:- (1) സർക്കാർ കത്ത് നമ്പർ. 35/ബി1/2016/വി.സാ.വ തീയതി: 18.04.2016.

(2) സർക്കാർ കത്ത് നമ്പർ. 2002/ബി2/2016/പി.സ.വി.വ തീയതി: 03.08.2016.

(3) ഈ ഓഫീസിലെ 30.11.2016 തീയതിയിലെ BCDD-A1/2679/2016(1) നമ്പർ ഉത്തരവ്

(4) 04.05.2017 ന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വകുപ്പ് ഡയറക്ടറേറ്റിൽ ചേർന്ന അവലോകന യോഗതീരുമാനം

.................................................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/2679/2016** തീയതി: **29/05/ 2017**

.................................................................................................................................

സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം നിമിത്തം ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ കൈകാര്യം ചെയ്യുന്നതിന് ബാഹ്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ഐ.ടി. ഡിവിഷൻ രൂപീകരിക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിച്ചതനുസരിച്ച് വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടായ ശ്രീ. ജി. സിദ്ധാർത്ഥൻ, എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായ ശ്രീ. ശ്രീജിത്ത്.പി.വി എന്നിവരെ ഉൾപ്പെടുത്തി വകുപ്പിൽ ഐ.ടി. വിഭാഗം രൂപീകരിച്ചുക്കൊണ്ടും, ആയതിന്റെ ചുമതല വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടിന് നൽകിയും പരാമർശം(3)പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (4) പ്രകാരം 04.05.2017 ന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വകുപ്പ് ഡയറക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ വകുപ്പിലെ ഐ.ടി വിഭാഗം ശക്തിപ്പെടുത്തുന്നതിനും, ശ്രീ.ഷിബു.ആർ (സീനിയർ സൂപ്രണ്ട് എറണാകുളം, മേഖലാ ഓഫീസ്), ശ്രീമതി. ഷബിന എസ് (ജൂനിയർ സൂപ്രണ്ട്, വകുപ്പ് ഡയറക്ടറേറ്റ്), ശ്രീ.സനൂപ്.വി (ക്ളാർക്ക്, കോഴിക്കോട് മേഖലാ ഓഫീസ്) എന്നിവരെ പുതുതായി ഉൾപ്പെടുത്തുന്നതിനും, ശ്രീ.ശ്രീജിത്ത് പി.വി-യെ (സീനിയർ ക്ളാർക്ക്,എറണാകുളം മേഖലാ ഓഫീസ്) കോർഡിനേറ്ററാക്കുന്നതിനും തീരുമാനിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ വകുപ്പിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ഐ.ടി. ഡിവിഷനിൽ ശ്രീ.ഷിബു.ആർ(സീനിയർ സൂപ്രണ്ട് എറണാകുളം മേഖലാ ഓഫീസ്), ശ്രീമതി. ഷബിന എസ് (ജൂനിയർ സൂപ്രണ്ട്, വകുപ്പ് ഡയറക്ടറേറ്റ്) ശ്രീ.സനൂപ്.വി (ക്ളാർക്ക്, കോഴിക്കോട്, മേഖലാ ഓഫീസ്) എന്നിവരെ പുതുതായി ഉൾപ്പെടുത്തിക്കൊണ്ടും, ശ്രീ. .ശ്രീജിത്ത് പി.വി-യെ (സീനിയർ ക്ളാർക്ക്,

എറണാകുളം, മേഖലാ ഓഫീസ്) കോർഡിനേറ്ററായി നിയമിച്ചു കൊണ്ടും, ഇ-ഓഫീസ്,വെബ്സൈറ്റ് നവീകരണം, നോൺക്രീമിലെയർ സംബന്ധിച്ച് ഓൺലൈൻ സംശയ നിവാരണം, അന്യ സംസ്ഥാനത്ത് പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്കായി മൊബൈൽ ആപ്ളിക്കേഷൻ, എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് ഐ.ടി ഡിവിഷനെ ചുമതലപ്പെടുത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്;-

1. പ്രിൻസിപ്പൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
2. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
3. ശ്രീ. ജി. സിദ്ധാർത്ഥൻ, സീനിയർ സൂപ്രണ്ട്, വകുപ്പ് ഡയറക്ടറേറ്റ്.
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

*ആജ്ഞാനുസരണം*

*സീനിയർ സൂപ്രണ്ട്*